തിരുവനന്തപുരം കോർപ്പറേഷനിലെ തെരുവുവിളക്കുകൾ കത്തിക്കുന്നതിന് സാധനസാമഗ്രികൾ

112 (2169)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98-ൽ തിരുവനന്തപുരം കോർപ്പറേഷനിലെ തെരുവുവിളക്കുകൾ കത്തിക്കുന്നതിന് സാമഗ്രികൾ വാങ്ങിയ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു;

(ബി) ആ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി എത്ര തുക നീക്കിവച്ചിരുന്നു;

(സി) ഏത് ഏജൻസി വഴിയാണ് ഉപകരണങ്ങൾ വാങ്ങിയത്;

(ഡി) ഓരോ ഐറ്റത്തിനും നൽകിയ നിരക്ക് വെളിപ്പെടുത്തുമോ;

(ഇ) ഏത് കമ്പനി നിർമ്മിച്ച് വിപണനം ചെയ്യുന്ന ഉപകരണങ്ങളാണ് പ്രസ്തുത ഏജൻസി സപ്ലൈ ചെയ്തത്;

(എഫ്)സപ്ലൈ ചെയ്ത ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ;

(ജി) ഉപകരണങ്ങൾക്ക് എത്ര കാലത്തെ ഗ്യാരണ്ടിയാണ് ഏജൻസി നൽകിയിട്ടുള്ളത്;

(എച്ച്) ഇതിനായിട്ടുള്ള എഗ്രിമെന്റ് വച്ചത് എന്നാണ്, എഗ്രിമെന്റിനുള്ള സ്റ്റാമ്പ് പേപ്പർ ഏജൻസി ഹാജരാക്കിയത് എന്നാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ഇതിനായി 1997-98-ൽ 18,27,387 രൂപ ചെലവഴിച്ചു.

(ബി) ആ വർഷത്തെ ബഡ്ജറ്റിൽ 1,20,00,000 രൂപ നീക്കി വച്ചിരുന്നു.

(സി) ഫിലിപ്സ് ഇൻഡ്യ ലിമിറ്റഡും കേരളാ സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷനും വഴിയാണ് ഉപകരണങ്ങൾ വാങ്ങിയത്.

(ഡി)

	ഐറ്റം	ഫിലിപ്സ് നിരക്ക് (രൂപ)	ക്രോംപ്റ്റൺ നിരക്ക് (രൂപ)
1.	40 വാട്ട് ട്യൂബ് (ഓരോന്നിനും)	39.33	35.90
2.	40 വാട്ട് ചോക്ക് (ഓരോന്നിനും)	105.60	90.00
3.	40 വാട്ട് സ്റ്റാർട്ടർ (ഓരോന്നിനും)	6.60	5.90

(ഇ) ഫിലിപ്സ് കമ്പനിയുടേത് നേരിട്ടും ക്രോംപ്റ്റൺ-ന്റേത് കേരള കൺസ്യൂമർ ഫെഡറേഷനുമാണ് സപ്ലൈ ചെയ്തത്.

(എഫ്)അംഗീകൃത ഗുണനിലവാരമുള്ളതും ഐ.എസ്.ഐ. മുദ്രയുള്ളതുമായ സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്.

(ജി) ഗ്യാരണ്ടി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കേരളാ സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷനിൽ സമർപ്പിച്ച സ്റ്റാമ്പ് പേപ്പർ തീയതി 31.12.98 ആണ്. സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനം ആയതിനാലും സാധനം ആവശ്യമായതിനാലും എഗ്രിമെന്റ് സമർപ്പിക്കുന്നതിനുമുൻപ് സാധനം നൽകി. എഗ്രിമെന്റ് നഗരസഭ അംഗീകരിച്ചിട്ടില്ല.

ഫിലിപ്സ് കമ്പനി എഗ്രിമെന്റ് വെച്ച തീയതി 26.12.97-ഉം അവരുടെ എഗ്രിമെന്റിലെ സ്റ്റാമ്പ് പേപ്പർ തീയതി 22.11.97-ഉം ആണ്.

"ക്ലീൻ സിറ്റി ഗ്രീൻ സിറ്റി" പദ്ധതിയുടെ പരാജയം

113 (2170)ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭന ജോർജ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടി പട്ടണം മുഴുവൻ അനാരോഗ്യ മേഖലയായി മാറിക്കഴിഞ്ഞ കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തിരുവനന്തപുരം കോർപ്പറേഷന്റെ കുറ്റകരമായ അനാസ്ഥയ്ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എന്നും, ശുചീകരണത്തിനും, ആരോഗ്യപാലനത്തിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയോ എന്നും വിശദമാക്കുമോ;

(സി) 1995-ൽ നഗരസഭ നടപ്പാക്കിയ "ക്ലീൻ സിറ്റി ഗ്രീൻ സിറ്റി" പദ്ധതിയുടെ പരാജയത്തെക്കുറിച്ചും, അതിലെ ഗുരുതരമായ അഴിമതിയെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്കായി നഗരസഭാ ഫണ്ടിൽ നിന്നും സ്പോൺസർഷിപ്പായി വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും വിവിധ വകുപ്പുകളിൽ നിന്നും സ്വരൂപിച്ച മൊത്ത തുക എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിൽ സ്വരൂപിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകൾ, കമ്മിറ്റിയിലോ നഗരസഭാ കൗൺസിലിലോ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഈ കണക്കുകൾ ആഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് അത് ചെയ്തതെന്നും, റിപ്പോർട്ടിന്റെ വിശദാംശം എന്തെന്നും വെളിപ്പെടുത്തുമോ;

(ജി) ഈ പദ്ധതിയുടെ ഫണ്ട് സ്വരൂപിക്കുന്നതിലും വിനിയോഗിക്കുന്നതിലും ഗുരുതരമായ അഴിമതി നടത്തിയിട്ടുണ്ടെന്നും അതിന്റെ കണക്കുകൾ വെളിപ്പെടുത്താതെ ഒളിച്ചുവയ്ക്കുകയുമാണെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതേക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly